"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സർക്കാർ ഓഫീസുകളിലെ നിലവിലുള്ള ഡ്രൈവർ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

ധനകാര്യ (വ്യയം – ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.85/2025/ധന തീയതി, തിരുവനന്തപുരം, 04/07/2025.

==========================================================================

പരാമർശം:- 18/03/2025 തീയതിയിലെ സ.ഉ.(അച്ചടി) നം.27/2025/ധന നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

കേന്ദ്രമോട്ടോർ വാഹന ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന 2023 ലെ ഭേദഗതി പ്രകാരം 15 വർഷം പൂർത്തിയായ സർക്കാർ വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായതിനെ തുടർന്ന് പ്രസ്തുത വാഹനങ്ങളുടെ നിരാകരണവും അവയ്ക്ക് പകരം വാഹനം അനുവദിക്കുന്നതും സംബന്ധിച്ച് പരാമർശം പ്രകാരം ഉത്തരവായിരുന്നു.

2. 15 വർഷം പൂർത്തിയായ വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയാത്തതിനെ തുടർന്ന് ഏകദേശം മൂവായിരത്തിലധികം സർക്കാർ വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ പല ഓഫീസുകളിലും ഡ്രൈവർ തസ്തികകളിലെ ജീവനക്കാർ വാഹനമില്ലാത്ത അവസ്ഥയിലാണ്. അതേ സമയം ഒട്ടനവധി സ്ഥലങ്ങളിൽ വാഹനങ്ങൾ ഉണ്ടെങ്കിലും സ്ഥിരം ഡ്രൈവർ തസ്തിക നിലവിലില്ലാത്ത സാഹചര്യവും നിലവിലുണ്ട്. അത്തരം സ്ഥലങ്ങളിൽ താൽക്കാലിക ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി കൃത്യനിർവ്വഹണം നടത്തി വരുന്നതിനാൽ ഡ്രൈവർമാർ അധികമുള്ള ഇടങ്ങളിൽ നിന്ന് ആവശ്യമായ സ്ഥലങ്ങളിലേക്ക് പുനർവിന്യാസം നടത്തേണ്ടത് അനാവശ്യ സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിന് അത്യാവശ്യമാണ് എന്ന് സർക്കാർ കാണുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ഡ്രൈവർ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

i. ഒരു വകുപ്പിൽ നിലവിലുള്ള ഡ്രൈവർ തസ്തികകളെ ഫലപ്രദമായ രീതിയിൽ പുനർവിന്യാസം നടത്തുന്നതിന് വകുപ്പ് മേധാവികൾക്ക് അധികാരം നൽകുന്നു.

ii. അപ്രകാരം പുനർവിന്യസിച്ചതിനു ശേഷം അധിക ജീവനക്കാർ ഉണ്ടാകുന്നു എങ്കിൽ ടി വിവരം അടിയന്തരമായി വകുപ്പ്/സ്ഥാപന മേധാവികൾ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിൽ റിപ്പോർട്ട് ചെയ്യണം. ടി ജീവനക്കാരെ ഉൾപ്പെടുത്തി ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിൽ 'excess driver pool' താല്ക്കാലികമായി സൃഷ്ടിച്ച് തുടർ നടപടി സ്വീകരിക്കണം. ടി ജീവനക്കാരെ ഓരോരുത്തരുടെയും ഓപ്ഷൻ സ്വീകരിച്ച ശേഷം മുഴുവൻ സർവീസും ശമ്പളവും സംരക്ഷിച്ച് കൊണ്ട് മറ്റ് വകുപ്പുകളിലേയ്ക്ക് പുനർവിന്യാസം നടത്തുന്നതാണ്. അത്തരത്തിലുള്ള പുനർവിന്യാസം ഓരോ തസ്തികയും റിപ്പോർട്ട്

ചെയ്ത് മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

iii. മേൽപ്പറഞ്ഞ പുനർവിന്യാസത്തിലൂടെ വാഹനങ്ങൾ നിലവിലുള്ള ഓഫീസുകളിൽ സ്ഥിരം ഡ്രൈവർ തസ്തികകൾ ഇല്ലാത്ത സാഹചര്യവും എന്നാൽ വാഹനങ്ങൾ നിലവിലില്ലാത്ത ഓഫീസുകളിൽ ഡ്രൈവർ തസ്തിക നിലവിലുള്ള സാഹചര്യവും ഉണ്ടാകുന്നില്ല എന്ന കാര്യം വകുപ്പ് മേധാവികൾ, സെക്രട്ടറിമാർ, സർക്കാർ സഹായം കൈപ്പറ്റുന്ന സ്ഥാപന മേധാവികൾ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്. അപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ മേൽപ്പറഞ്ഞ എല്ലാ അധികാരികളും ഉത്തരവ് പുറപ്പെടുവിച്ച് മൂന്ന് മാസത്തിനകം ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് സമർപ്പിക്കേണ്ടതാണ്. ഭാവിയിൽ വാഹനം സംബന്ധിച്ച് സമർപ്പിക്കപ്പെടുന്ന ഏത് ശിപാർശ പരിഗണിക്കുന്നതിനും മേൽപ്പറഞ്ഞ സാക്ഷ്യപ്പെടുത്തൽ മുൻ ഉപാധി ആക്കി നിശ്ചയിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ. ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
3) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
4) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
5) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറിമാർ
6) എല്ലാ വകുപ്പ് മേധാവികൾക്കും
7) ബഹു.മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
8) ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
9) ബഹു.പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
10) ബഹു.ഗവർണ്ണറുടെ സെക്രട്ടറി
11) ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
12) നോഡൽ ഓഫീസർ (www.finance.kerala.gov.in)
13) ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ
14) പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
15) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [E-2906692] [വ്യയം-ബി1/510/2024/ധന]

ഉത്തരവിൻ പ്രകാരം

Anitha

സെക്ഷൻ ഓഫീസർ